**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **08-12-2022 - ൽ മറുപടിയ്ക്ക്**

**സർവേ സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ ഡിജിറ്റൽ റീസർവെ നടത്തുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർവേ സഭ എന്ന പേരിൽ ഗ്രാമസഭകൾ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം സർവേ സഭകൾ ചേരുന്നതിന് പ്രത്യേകം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ ഡിജിറ്റൽ റീസർവ്വെ നടത്തുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച നടപടികൾ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരുടെ സംശയങ്ങൾ ദുരീകരിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ സർവ്വെ പൂർത്തിയാക്കുന്നതിനും വേണ്ടി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമസഭകൾക്ക് സമാനമായ രീതിയിൽ സർവ്വെ സഭകൾ നടത്തുന്നതിന് തീരുമാനിക്കുകയും സർവ്വെ സഭകൾ നടന്നുവരികയും ചെയ്യുന്നു. ആദ്യഘട്ടത്തിൽ സർവ്വെ നടത്തുന്ന 200 വില്ലേജുകളിൽ ആകെയുള്ള 2476 വാർഡുകളിൽ 2445 വാർഡുകളിൽ സർവ്വെ സഭകൾ പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം സർവ്വെ സഭകൾ ചേരുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ ഉടമസ്ഥതയുള്ള ഭൂമിയോടൊപ്പം സർക്കാർ ഭൂമിയല്ലാത്തതും തർക്കമില്ലാത്ത കൈവശത്തോടു കൂടിയതുമായ അധിക ഭൂമി കാണുന്ന സാഹചര്യത്തിൽ അതിനുകൂടി ഉടമസ്ഥത നൽകുന്ന നിയമം നിലവിലുണ്ടോ; ഇത്തരത്തിലുള്ള കൈവസർവ്വേശങ്ങൾക്ക് കൂടി ഉടമസ്ഥത നൽകുന്ന ഒരു സെറ്റിൽമെന്റ് ആക്റ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ബി) | തർക്കമില്ലാത്ത കൈവശത്തിന്റെയും റവന്യൂ രേഖകളുടെയും അടിസ്ഥാനത്തിൽ നിലവിൽ ഉടമസ്ഥതയുള്ള ഭൂമിയോടൊപ്പം സർക്കാർ ഭൂമിയല്ലാത്തതും തർക്കമില്ലാത്ത കൈവശത്തോടു കൂടിയതുമായ അധികഭൂമി കാണുന്ന സാഹചര്യത്തിൽ അതിനുകൂടി ഉടമസ്ഥത നൽകുന്നതിന് നിയമം നിലവിലില്ല. ഈ സാഹചര്യത്തിൽ ഇത്തരം ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു നിയമ നിർമ്മാണം ആവശ്യമുള്ളതും ആയതിനായുള്ള കേരള ലാൻഡ് സെറ്റിൽമെന്റ് ആക്ട് സർക്കാർ പരിഗണനയിലുള്ളതും ആയത് പ്രാരംഭഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No. DSLR/3652/2022-L1

'ഭരണഭാഷ-മാതൃഭാഷ'

സർവെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, വഴുതയ്ക്കാട്,
തിരുവനന്തപുരം-695014
Ph: 0471-2325266, Fax: 2338210
E-mail: dydir1-tvm.syr@kerala.gov.in
14-10-2022

# സർക്കുലർ

വിഷയം : ഡിജിറ്റൽ സർവെ - സർവെ സഭകൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : Planning and Economic Affairs (RKI) വകുപ്പിന്റെ 18-08-21 ലെ സ.ഉ (കൈ) 24/2021/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് തയ്യാറാക്കുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഡിജിറ്റൽ സർവെ സംബന്ധിച്ച നടപടികൾ ജനങ്ങളെ ബോധവൽക്കരിച്ചാൽ മാത്രമേ പൊതുജന പങ്കാളിത്തത്തോടെ സർവെ പ്രവർത്തനങ്ങൾ സമയബന്ധിതമായും, സുഗമമായും പൂർത്തിയാക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള സംവിധാനമാണ് പഞ്ചായത്തീരാജ് വിഭാവനം ചെയ്തിട്ടുള്ള ഗ്രാമ സഭകൾ.

ആയതിനാൽ ഡിജിറ്റൽ റീസർവെ സംബന്ധിച്ച നടപടികൾ പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, അവരുടെ സംശയങ്ങൾ ദൂരീകരിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ സർവെ പൂർത്തിയാക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമ സഭകൾക്ക് സമാനമായ രീതിയിൽ സർവെ സഭകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർവെ സഭകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ജോയിന്റ് ഡയറക്ടർമാരും,, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസറഗോഡ് ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാരും, കൊല്ലം, പത്തനംതിട്ട, വയനാട് കണ്ണൂർ ജില്ലകളിലെ അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതല കോഡിനേറ്റർമാരായി പ്രവർത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കാര്യാലയങ്ങളിൽ ഒരു പ്രത്യേക സെക്ഷൻ ആരംഭിച്ച് നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

2) ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ട സർവെയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലാണ് സർവെ സഭകൾ കൂടേണ്ടത്. 30-10-2022 ന് മുമ്പ് ജില്ലാതല കോഡിനേറ്റർമാർ സർവെ സഭ കൂടി നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

3) ഗ്രാമ സഭകളുടെ മാതൃകയിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് കൊണ്ട് സ്പെഷ്യൽ ഗ്രാമ/വാർഡ് സഭയായി തദ്ദേശ സ്വയംഭരണ വകുപ്പ് വിളിച്ച് ചേർക്കുന്ന സർവെ സഭകൾക്ക് വരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ മുഖേന ചർച്ച ചെയ്ത് ബന്ധപ്പെട്ട കോഡിനേറ്റർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

4) ആദ്യഘട്ടത്തിൽ ഡിജിറ്റൽ സർവെ ജോലികൾക്ക് തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ ഉൾപ്പെട്ട വാർഡുകളിൽ സർവെ സഭകൾ വിളിച്ച് ചേർക്കുന്നതിന് അതാത് വില്ലേജ് ഓഫീസർമാരെ സർവെ സഭയുടെ ജോയിന്റ് കൺവീനർമാരായി ചുമതലപ്പെടുത്തുന്നതിനും, വില്ലേജ് അടിസ്ഥാനത്തിൽ ടി

നടപടികൾ ഏകോപിപ്പിക്കുന്നതിന്, റവന്യൂ വകുപ്പിൽ നിന്നും ഒരു സീനിയർ ഓഫീസറെ നിയോഗിക്കുന്നതിനും ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് അതാത് ജോയിന്റ് ഡയറക്ടർമാർ/ഡെപ്യൂട്ടി ഡയറക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

5) സർവെ സഭകളിൽ വിഷയം അവതരിപ്പിക്കുന്നതിന് ഹെഡ് ഡ്രാഫ്റ്റ്സ്മാൻ/ ഹെഡ് സർവെയർ/ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലുള്ള രണ്ട് പേരെ വീതം ഓരോ വില്ലേജിനും റിസോഴ്സ് പേഴ്സൺ ആയി നിയമിച്ച് സർവെ സഭയിൽ അവതരിപ്പിക്കേണ്ട വിഷയത്തിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാതല കോർഡിനേറ്റർമാർ സ്വീകരിക്കേണ്ടതാണ്.

6) ബന്ധപ്പെട്ട ജില്ലാ കോഡിനേറ്റർമാർ (ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റന്റ് ഡയറക്ടർ) റിസോഴ്സ് പേഴ്സൺമാർക്ക് ചുമതലയുള്ള വാർഡുകൾ മുൻകൂർ നിശ്ചയിച്ച് നൽകേണ്ടതാണ്.

7) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് ഓരോ വില്ലേജുകളിലും ഉൾപ്പെട്ട് വരുന്ന വാർഡുകളിൽ സർവെ സഭകൾ നടത്തേണ്ട തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിച്ച് ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺമാർ സർവെ സഭയിൽ ഡിജിറ്റൽ സർവെ സംബന്ധിച്ച നടപടികൾ വിശദീകരിച്ച് നൽകേണ്ടതാണ്..

8) വാർഡിന്റെ വിസ്തൃതി, ഭൂവുടമസ്ഥരുടെ എണ്ണം, ഭൂപ്രകൃതിയുടെ പ്രത്യേകത എന്നിവയാൽ ഒന്നിൽ കൂടുതൽ സഭകൾ ഒരു വാർഡിൽ കൂടേണ്ടതുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ/റവന്യൂ അധികാരികളുമായി ചർച്ച ചെയ്ത് നടപടി റിസോഴ്സ് പേഴ്സൺമാർ സ്വീകരിക്കേണ്ടതാണ്.

9) സർവെ സഭകൾ കൂടുന്നതിനായി അനുവദിച്ച് നൽകിയിട്ടുള്ള പോസ്റ്ററുകളിൽ സമയവും സ്ഥലവും രേഖപ്പെടുത്തി (സർവെ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചിട്ടുള്ള പോസ്റ്റർ) ഒരു വാർഡിൽ കുറഞ്ഞത് 20 എണ്ണം പതിക്കേണ്ടതിനുള്ള നടപടികൾ ബന്ധപ്പെട്ട സർവെ റിസോഴ്സ് പേഴ്സൺമാർ സ്വീകരിക്കേണ്ടതാണ്.

10)വാർഡ് അടിസ്ഥാനത്തിൽ സർവെ സഭ ചേരുന്ന സ്ഥലം, തീയതി, സമയം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പോസ്റ്ററുകളും, നോട്ടീസുകളും കൂടാതെ, ഓൺലൈൻ മാധ്യമങ്ങൾ മുഖേനയും അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ എ.ഡി.എസ്, വിദ്യാർഥി കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ സേവനം ഉപയോഗപ്പെടുത്തിയും സാധ്യമായ എല്ലാ രീതിയിലും പ്രചാരണം നൽകി പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

11) റിസോഴ്സ് പേഴ്സൺമാർ ചുമതലയുള്ള വാർഡിലെ എല്ലാ ഭൂടമസ്ഥരുടേയും ഫോൺ നമ്പർ ശേഖരിച്ച് എന്റെ ഭൂമി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, തുടർന്ന് WhatsApp ഗ്രൂപ്പ് ആരംഭിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള ഗ്രൂപ്പിന് Panchayath Name Ward No Survey Sabha എന്ന രീതിയിൽ പേര് നൽകേണ്ടതാണ്. (Ex: Mangalapuram Ward 19 Survey Sabha)

12)സർവെ സഭയിൽ ലഭിക്കാത്ത ഭൂവുടമസ്ഥരുടെ ഫോൺ നമ്പരുകൾ വീടുകൾ സന്ദർശിച്ച് ശേഖരിക്കുന്നതിനും, അവ കൂടി പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ റിസോഴ്സ് പേഴ്സൺമാർ സ്വീകരിക്കേണ്ടതാണ്.

13)സർവെ സഭയിൽ റിസോഴ്സ് പേഴ്സൺമാർ അവതരിപ്പിക്കേണ്ട വിഷയം അനുബന്ധമായി നൽകിയിട്ടുണ്ട്. ഓരോ റിസോഴ്സ് പേഴ്സൺമാർ തങ്ങളിൽ നിക്ഷിപ്തമായ ചുമതല വളരെ വ്യക്തവും ലളിതവുമായി സഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

14)ഭൂസംബന്ധമായ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള 'എന്റെ ഭൂമി' പോർട്ടൽ സംബന്ധിച്ചും, പ്രസ്തുത പോർട്ടലിൽ ഭൂവുടമസ്ഥർക്ക് തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കേണ്ട വിധവും റിസോഴ്സ് പേഴ്സൺമാർ പൊതു ജനങ്ങൾക്ക് വളരെ ലളിതവും, വ്യക്തവുമായി വിശദീകരിച്ച് നൽകേണ്ടതാണ്.

15)ഡിജിറ്റൽ സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ സംശയങ്ങളും, ആശങ്കകളും സർവെ റിസോഴ്സ് പേഴ്സൺമാർ ദൂരീകരിച്ച് നൽകേണ്ടതാണ്. കൂടുതൽ വ്യക്തത ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കോഡിനേറ്റർമാരുമായി ബന്ധപ്പെട്ട് സംശയനിവാരണം നടത്തി പരിഹരിക്കേണ്ടതാണ്.

16)യോഗത്തിൽ ഉന്നയിക്കപ്പെടുന്ന പൊതുവായ വിഷയങ്ങൾ ക്രോഡീകരിച്ച് കോഡിനേറ്റർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ട ചുമതല സർവെ റിസോഴ്സ് പേഴ്സൺമാരിൽ നിക്ഷിപ്തമാണ്.

17)സർവെ സഭകളിൽ എന്റെ ഭൂമി പോർട്ടൽ സംബന്ധിച്ചും, ഡിജിറ്റൽ സർവെയെ സംബന്ധിച്ചും വെവ്വേറെ വീഡിയോകൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റിസോഴ്സ് പേഴ്സൺമാർ ഉറപ്പ് വരുത്തേണ്ടതാണ്.

18)ജനപ്രതിനിധികളോടും, ജീവനക്കാരോടും, പൊതു ജനങ്ങളോടും ബഹുമാനത്തോടും, സൌഹൃദപരമായും പെരുമാറേണ്ടതും, പൂർണ്ണമായും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തി ജനകീയ അന്തരീക്ഷത്തിൽ സർവെ സഭകൾ നടത്തുന്നതിനും സർവെ റിസോഴ്സ് പേഴ്സൺമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Sambasiva Rao S.

**ഡയറക്ടർ**

പകർപ്പ് :
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പാൾ, STI-K
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ സർവെ സൂപ്രണ്ട്മാർക്കും (JD/DD/AD മുഖേന)
E സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)